പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

# കേന്ദ്രാവിഷ്കൃത പദ്ധതികൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3236

16.12.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.റ്റി.യു.കുരുവിള | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | പ്രധാനമന്ത്രി സഡക് യോജന, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ വിജയകരമായി പൂർത്തീകരിക്കുന്നതിന് മതിയായ വിഹിതം സംസ്ഥാനത്ത് ലഭ്യമായിട്ടുണ്ടോ ; | (എ) | പി.എം.ജി.എസ്.വൈ. പദ്ധതിയ്ക്ക് മതിയായ സംസ്ഥാന വിഹിതം സംസ്ഥാനത്ത് ഇപ്പോൾ ലഭ്യമായിട്ടില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക്, അംഗീകരിച്ച ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ ആവശ്യാധിഷ്ഠിതമായി ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ കേന്ദ്രവിഹിതം നേടിയെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ; | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഓരോ സാമ്പത്തിക വർഷത്തെയും ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും തൊട്ട് തലേവർഷം ഡിസംബർ 31 ന് മുൻപ് അയൽക്കൂട്ടതലം മുതൽ നടത്തുന്ന പങ്കാളിത്ത ആസൂത്രണത്തിലൂടെ തയ്യാറാക്കുകയും സമയബന്ധിതമായി കേന്ദ്രസർക്കാരിന് സമർപ്പിച്ച് അംഗീകാരം വാങ്ങുകയും ചെയ്യിട്ടുണ്ട്. പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന പദ്ധതിയിൽ കേന്ദ്രഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ട് കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | അർഹമായ കേന്ദ്രവിഹിതം നേടിയെടുക്കുന്നതിനും പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ? | (സി) | സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ